# പതിമൂന്നാം കേരള നിയമസഭ
(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി XIII
# (SUBJECT COMMITTEE XIII)

സാമൂഹ്യസേവനം
**(SOCIAL SERVICES)**

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്
**(2011–12)**

## FIRST REPORT ON THE SCRUTINY OF DEMANDS FOR GRANTS
**(2011-12)**

2011 സെപ്റ്റംബർ 26-ാം തീയതി സമർപ്പിച്ചത്

(Presented on 26th September 2011)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2011

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2011

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

**സബ്ജക്റ്റ് കമ്മിറ്റി XIII**

**(SUBJECT COMMITTEE XIII)**

സാമൂഹ്യസേവനം

**(SOCIAL SERVICES)**

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**

**ഒന്നാമത് റിപ്പോർട്ട്**

**(2011–12)**

**FIRST REPORT ON THE SCRUTINY OF**

**DEMANDS FOR GRANTS**

**(2011-12)**

804/2011.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി XIII

## സാമൂഹ്യസേവനം

(2011-13)

## ഘടന

<u>ചെയർമാൻ</u>

ഡോ. എം. കെ. മുനീർ,
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u>

ശ്രീ. എ. പി. അനിൽ കുമാർ, പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി

കുമാരി പി. കെ. ജയലക്ഷ്മി, പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി

<u>അംഗങ്ങൾ</u>

ശ്രീ. അൻവർ സാദത്ത്

ശ്രീ. ചിറ്റയം ഗോപകുമാർ

ശ്രീ. കെ. എൻ. എ. ഖാദർ

ശ്രീ. റ്റി. യു. കുരുവിള

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. കെ. രാധാകൃഷ്ണൻ

ശ്രീ. ആർ. രാജേഷ്

ശ്രീമതി കെ. എസ്. സലീഖ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. പി. ഡി. രാജൻ, സെക്രട്ടറി

ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി

ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എ. ഷൈല, അണ്ടർ സെക്രട്ടറി

# അവതാരിക

2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ, സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി-XIII-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2011 ജൂലൈ 26, ആഗസ്റ്റ് 1 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധമായി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശ രേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

ധനാഭ്യർത്ഥന നമ്പർ XXV—പട്ടികജാതി പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥന്മാരിൽ നിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശുപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2011 ആഗസ്റ്റ് മാസം 19-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

| | |
|---|---|
| നിയമസഭാ സെക്രട്ടേറിയറ്റ്, | **ഡോ. എം. കെ. മുനീർ,** |
| തിരുവനന്തപുരം, | ചെയർമാൻ, |
| 2011 സെപ്റ്റംബർ, 26. | *സബ്ജക്റ്റ് കമ്മിറ്റി XIII.* |

# റിപ്പോർട്ട്

ധനാഭ്യർത്ഥന നമ്പർ XXV—പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റു പിന്നോക്കവിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

വോട്ട് ചെയ്തത് : 1041,06,54,000 രൂപ (1042,98,42,000 —1,91,88,000)

ചാർജ്ജ് ചെയ്തത് : 1,00,000 രൂപ

## പട്ടികജാതി വികസന വകുപ്പ്

2225–01–277-98—മെട്രിക്കുലേഷന് ശേഷമുള്ള പഠനങ്ങൾ (100% കേന്ദ്രാവിഷ്കൃത പദ്ധതി)

ബഡ്ജറ്റ് വിഹിതം : 12,000 ലക്ഷം രൂപ (പ്ലാൻ)

: 1,600 ലക്ഷം രൂപ (നോൺ പ്ലാൻ)

1. മെഡിക്കൽ, ആയുർവേദം, ഹോമിയോപ്പതി, എഞ്ചിനീയറിംഗ്, ലാ, അഗ്രിക്കൾച്ചർ, വെറ്ററിനറി, പോളിടെക്നിക്കുകൾ, ബിസിനസ്സ് മാനേജ്മെന്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉപയോഗിക്കുന്നതിനു വേണ്ട പുസ്തകങ്ങൾ, അലമാര എന്നിവ വാങ്ങുന്നതിനായി ഇത്തരം സ്ഥാപനങ്ങളിലെ ലൈബ്രറികൾക്കു ധനസഹായം നൽകുന്നതിനുളള 'ബുക്ക് ബാങ്ക്' പദ്ധതിക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 55 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-01-277-95—നൈപുണ്യമുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം

ബഡ്ജറ്റ് വിഹിതം : 350 ലക്ഷം രൂപ

2. 4-ാം ക്ലാസ്സിലും 7-ാം ക്ലാസ്സിലും പഠിക്കുന്ന മിടുക്കരായ വിദ്യാർത്ഥികളെ മത്സരപരീക്ഷകളിലൂടെ കണ്ടെത്തി മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനാവശ്യമായ സ്കോളർഷിപ്പുകളും മറ്റ് പഠന സൗകര്യങ്ങളും നൽകുന്നതിനും എസ്. എസ്. എൽ. സി. ഹയർ സെക്കന്ററി, ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകൾ എന്നീ പരീക്ഷകളിൽ വിജയിക്കുന്ന പ്രഗത്ഭരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്നതിനുമായുള്ള ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 186 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-01-277-61—മുൻകാലങ്ങളിൽ വൃത്തിഹീനമായ തൊഴിലിൽ ഏർപ്പെട്ടിരുന്ന പട്ടികജാതിക്കാരുടെ ആശ്രിതരുടെ ഉന്നമനം (കേന്ദ്രാവിഷ്കൃതം-100% കേന്ദ്രസഹായം)

ബഡ്ജറ്റ് വിഹിതം : 25 ലക്ഷം രൂപ

3. സാമൂഹ്യ നീതിയും ശാക്തീകരണവും മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം, ശുചിത്വഹീന തൊഴിലുകൾ, തുകൽ നിർമ്മാണം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ആശ്രിതരായ പാവപ്പെട്ട കുട്ടികൾക്ക്

സ്റ്റൈപ്പന്റ്, ലംപ്സം ഗ്രാന്റ്, ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികൾക്ക് പ്രതിമാസ അലവൻസ് എന്നിവ നൽകുന്നതിന് ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വക യിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 26 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-01-800-80—സാധുക്കളായ പട്ടികജാതിക്കാരുടെ വൈദ്യചികിത്സയ്ക്കും, വിവാഹ ആവശ്യത്തിനും ധനസഹായം (ജില്ലാ പദ്ധതി)

ബഡ്ജറ്റ് വിഹിതം : 1,200 ലക്ഷം രൂപ

4. ഗുരുതരമായ രോഗം പിടിപ്പെട്ട ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പട്ടികജാതി ക്കാർക്ക് ഡോക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 25,000 രൂപ വരെ ധനസഹായം ഈ പദ്ധതി പ്രകാരം നൽകിവരുന്നു. കൂടാതെ ഈ പദ്ധതി പ്രകാരം സാധുക്കളായ പട്ടികജാതിക്കാരുടെ പെൺമക്കളുടെ വിവാഹ സമയത്ത് ഉണ്ടാകുന്ന ചെലവുകളുടെ ഭാരം ലഘൂകരിക്കുന്നതിനുവേണ്ടി ധനസഹായം നൽകിവരുന്നു.

5. ചികിത്സാധനസഹായം നൽകേണ്ടവരുടെ എണ്ണം വർദ്ധിക്കുന്നതിനാലും സാധുക്കളായ പട്ടികജാതിക്കാരുടെ പെൺമക്കളുടെ വിവാഹ ധനസഹായം 10,000 രൂപയിൽ നിന്നും 20,000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാലും ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-01-800-31—ഭൂരഹിതർക്ക് ഭൂമി (എസ്. സി. പി.)

ബഡ്ജറ്റ് വിഹിതം - 8,000 ലക്ഷം രൂപ

6. ഭവന നിർമ്മാണത്തിന് സ്വന്തമായി സ്ഥലമില്ലാത്ത എല്ലാ പട്ടികജാതി ക്കാർക്കും ഭവന നിർമ്മാണത്തിന് സ്വന്തമായി സ്ഥലം വാങ്ങി നൽകുക എന്ന സർക്കാരിന്റെ നയം നടപ്പാക്കുന്നതിലേക്കായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-01-277-97—വയോജന വിദ്യാഭ്യാസം

ബഡ്ജറ്റ് വിഹിതം : 7,98,600 രൂപ

7. പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്നതും, 1970-ൽ കേരള ഗ്രന്ഥശാലാ സംഘത്തിന് കൈമാറിയതുമായ ലൈബ്രറികളിലെ ലൈബ്രേറിയന്മാർക്ക് ശമ്പളവും പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 14 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-01-277-88—പ്രീ മെട്രിക് ഹോസ്റ്റലുകളിലെ ട്യൂട്ടോറിയൽ സമ്പ്രദായം

ബഡ്ജറ്റ് വിഹിതം : 60 ലക്ഷം രൂപ

8. പ്രീമെട്രിക് ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന ഹൈസ്ക്കൂളിലെയും അപ്പർപ്രൈമറി സ്കൂളിലേയും വിദ്യാർത്ഥികൾക്ക് കണക്ക്, സയൻസ്, ഇംഗ്ലീഷ്, ഹിന്ദി എന്നീ വിഷയങ്ങളിൽ ട്യൂഷൻ നൽകുന്നതിനുള്ള പദ്ധതിയാണിത്. ട്യൂഷൻ

അദ്ധ്യാപകരുടെ വേതനം വർദ്ധിപ്പിക്കുന്നതിന് ശുപാർശ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## പട്ടികവർഗ്ഗ വികസനം

2225-02-277-94—ഗിരിവർഗ്ഗ ഹോസ്റ്റൽ

ബഡ്ജറ്റ് വിഹിതം : 110 ലക്ഷം രൂപ

9. പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നേടുന്നതിനുള്ള അനുകൂല സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിലേക്ക് പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ നവീകരിച്ച് മെച്ചപ്പെടുത്തുന്നതിനും സ്കൂളുകളുടെ സമീപത്ത് താമസവും ഭക്ഷണവും ലഭ്യമാക്കുക എന്നത് ലക്ഷ്യമിടുന്ന ഈ പദ്ധതിയുടെ നടത്തിപ്പിലേക്കായി 91 കുക്കുമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളതിനാലും ഭക്ഷണചെലവ് വർദ്ധിപ്പിച്ചിട്ടുള്ളതിനാലും ജീവനക്കാരുടെ ശമ്പളം ഇനത്തിൽ 45 ലക്ഷം രൂപയും കുട്ടികളുടെ ഭക്ഷണ ചെലവ് ഇനത്തിൽ 250 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 295 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-277-55—മോഡൽ റസിഡൻഷ്യൽ സ്കൂൾ, സി. ബി. എസ്. ഇ. പാറ്റേൺ, ഞാറനീലി, നെടുമങ്ങാട്.

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ

10. ഡോക്ടർ അംബേദ്കർ സ്മാരക സി. ബി. എസ്. ഇ. മോഡൽ റസിഡൻഷ്യൽ സ്കൂളിൽ 296 കുട്ടികൾ പഠിക്കുന്നു. ഈ സ്കൂളിലെ കുട്ടികളുടെ ഭക്ഷണ ചെലവ് 1 മുതൽ 10 വരെ ക്ലാസ്സുകളിലേക്ക് 1,300 രൂപയിൽ നിന്നും 1,800 രൂപയായും, +1, +2 ക്ലാസ്സുകളിലേക്ക് 1,500 രൂപയിൽ നിന്നും 2,000 രൂപയായും വർദ്ധിപ്പിക്കുമ്പോൾ ഓരോ കുട്ടിക്കും പ്രതിമാസം 500 രൂപയുടെ അധിക ചെലവ് ഉണ്ടാകുന്നു. ആയതിനാൽ 296 കുട്ടികൾക്ക് ഭക്ഷണത്തിനായി വേണ്ടി വരുന്ന അധിക ചെലവ് വഹിക്കുന്നതിലേക്ക് 17,76,000 രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-277-49-അശ്രാമം സ്കൂൾ/മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവയുടെ നടത്തിപ്പ്

ബഡ്ജറ്റ് വിഹിതം : 1,500 ലക്ഷം രൂപ

11. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 15 അശ്രാമം/ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലായി 4614 കുട്ടികൾ പഠിക്കുന്നുണ്ട്. ഈ സ്കൂളുകളിലെ കുട്ടികളുടെ ഭക്ഷണ ചെലവ് 1 മുതൽ 10 വരെ ക്ലാസ്സുകളിലേക്ക് 1,300 രൂപയിൽ നിന്നും 1,800 രൂപയായും, +1, +2 ക്ലാസ്സുകളിലേക്ക് 1,500 രൂപയിൽ നിന്നും 2,000 രൂപയായും വർദ്ധിപ്പിക്കുമ്പോൾ ഓരോ കുട്ടിക്കും പ്രതിമാസം 500 രൂപയുടെ അധിക ചെലവ് കണക്കാക്കുന്നു. ഇത്തരത്തിൽ 4614 കുട്ടികൾക്ക് ഒരു

വർഷത്തേക്ക് 2,76,84,000 രൂപ അധികമായി വേണ്ടിവരുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 277 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-277-48—ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂൾ

ബഡ്ജറ്റ് വിഹിതം : 200 ലക്ഷം രൂപ

12. ഇടുക്കി, പൂക്കോട് (വയനാട്) എന്നിവിടങ്ങളിലുളള രണ്ട് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലായി 457 കുട്ടികൾ പഠിക്കുന്നു. ഈ സ്കൂളുകളിലെ കുട്ടികളുടെ ഭക്ഷണചെലവ് 1 മുതൽ 10 വരെ ക്ലാസ്സുകളിലേക്ക് 1,300 രൂപയിൽ നിന്നും 1,800 രൂപയായും, +1, +2 ക്ലാസ്സുകളിലേക്ക് 1,500 രൂപയിൽ നിന്നും 2,000 രൂപയായും വർദ്ധിപ്പിക്കുമ്പോൾ ഓരോ കുട്ടിക്കും പ്രതിമാസം 500 രൂപയുടെ അധിക ചെലവ് കണക്കാക്കുന്നു. ഇത്തരത്തിൽ 457 കുട്ടികൾക്ക് ഒരു വർഷത്തേക്ക് അധികമായി വേണ്ടി വരുന്ന 27,42,000 രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-800-51—പട്ടികവർഗ്ഗ പ്രമോട്ടർമാർ

ബഡ്ജറ്റ് വിഹിതം : 350 ലക്ഷം രൂപ

13. വിദ്യാസമ്പന്നരായ പട്ടികവർഗ്ഗ യുവാക്കളെ പട്ടികവർഗ്ഗ പ്രദേശങ്ങളിൽ സാമൂഹ്യ പ്രേരക്മാരായി പ്രവർത്തിക്കുന്നതിനും, പട്ടികവർഗ്ഗ വികസന പദ്ധതികളുടെ ഗുണഫലങ്ങൾ പട്ടികവർഗ്ഗ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനും പ്രേരക്മാരായി നിയമിച്ചിട്ടുണ്ട്. ഗുണഭോക്താക്കളേയും വികസന വകുപ്പുകളേയും, പഞ്ചായത്തുകളേയും ബന്ധിപ്പിക്കുന്ന കണ്ണിയായി പ്രവർത്തിക്കുന്ന ഇത്തരം പ്രമോട്ടർമാരുടെ എണ്ണം 1000-ൽ നിന്നും 1250 ആയി വർദ്ധിപ്പിക്കേണ്ടതിനാലും പ്രമോട്ടർമാർക്ക് നൽകി വരുന്ന ഓണറേറിയം 2,500 രൂപയിൽ നിന്നും 4,000 രൂപയായി വർദ്ധിപ്പിക്കേണ്ടതിനാലും അധിക തുക ആവശ്യമാണ്. നിലവിലുള്ള 1000 പേർക്ക് 1,500 രൂപ നിരക്കിൽ വർദ്ധനവ് നൽകുന്നതിനും പുതുതായി നിയമിക്കപ്പെടുന്ന 250 പേർക്ക് 4,000 രൂപ നിരക്കിൽ ഓണറേറിയം നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 300 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-282-94—ക്ഷയം, കുഷ്ഠം, വിളർച്ച തുടങ്ങിയ അസുഖങ്ങൾ ബാധിച്ച പട്ടികവർഗ്ഗക്കാരുടെ ചികിത്സയും പുനരധിവാസവും

ബഡ്ജറ്റ് വിഹിതം : 120 ലക്ഷം രൂപ

14. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക, ചികിത്സയ്ക്കുള്ള ധനസഹായം നൽകുക, രോഗികളെ അടുത്തുള്ള ആശുപത്രിയിൽ എത്തിക്കുക, അവർക്ക് പോഷകാഹാരങ്ങളും ആവശ്യമായ മരുന്നും നൽകുക, രോഗം ഭേദപ്പെട്ടവരെ പുനരധിവസിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ഈ പദ്ധതിയുടെ ഘടകങ്ങൾ. വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ചികിത്സാ ധനസഹായം നൽകുന്നത് ഈ ശീർഷകത്തിൽ നിന്നും ആയതിനാലും അപേക്ഷകരുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിലും ഈ ഇനത്തിൽ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-800-68—അതിക്രമം തടയുന്നതിനുവേണ്ടിയുള്ള സ്കീം നടപ്പാക്കൽ (50% കേന്ദ്ര സഹായം)

ബഡ്ജറ്റ് വിഹിതം : 30 ലക്ഷം രൂപ

15. പട്ടികവർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുക, അതിക്രമങ്ങൾക്ക് ഇരയാകുന്നവരെ പുനരധിവസിപ്പിക്കുക, സൗജന്യ നിയമസഹായം നൽകുക തുടങ്ങി വിവിധ പരിപാടികൾ ഈ പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്നു. അതിക്രമങ്ങൾ സംബന്ധിച്ച കേസ്സുകൾ കൂടുതലായി രജിസ്റ്റർ ചെയ്യപ്പെടുന്ന സാഹചര്യത്തിലും കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച 30 ലക്ഷം രൂപയിൽ 29.78 ലക്ഷം രൂപയും ചെലവായ സാഹചര്യത്തിലും ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-800-64—ഗിരിവർഗ്ഗ ഉപപദ്ധതിക്കുവേണ്ടിയുള്ള കോർപ്പസ് ഫണ്ട്

ബഡ്ജറ്റ് വിഹിതം : 1,964 ലക്ഷം രൂപ

16. പ്രോജക്ടധിഷ്ഠിത സമീപനം ഉൾക്കൊണ്ട് പരിപാടികൾക്ക് അംഗീകാരം നൽകി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ ജില്ലകളിൽ നിന്നും ഡയറക്ടറേറ്റിൽ നിന്നും സ്വയം തൊഴിൽ, ശുദ്ധജല വിതരണവും ശുചിത്വവും, സാങ്കേതികവിദ്യാകൈമാറ്റം, ആരോഗ്യ വിദ്യാഭ്യാസ അഭിവൃദ്ധി, വൈദ്യുതീകരണം, എത്തിപ്പെടാൻ പ്രയാസമേറിയ സ്ഥലങ്ങളിലേക്ക് വഴികളും നടപ്പാലങ്ങളും നിർമ്മിച്ച് വിനിമയ സൗകര്യം മെച്ചപ്പെടുത്തുക തുടങ്ങിയ വിഷയങ്ങൾ അധികരിച്ച് ലഭിക്കുന്ന പ്രോജക്ടുകൾക്ക് ധനസഹായം നൽകുന്നതിന് ലക്ഷ്യമിടുന്നു. ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-277-52—പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

2225-02-277-50—പ്രീ മെട്രിക് ഹോസ്റ്റലുകളുടെയും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെയും സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നവീകരിക്കുന്നതിനും (ഒറ്റത്തവണ കേന്ദ്ര സഹായം)

ബഡ്ജറ്റ് വിഹിതം: 173 ലക്ഷം രൂപ

17. വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 110 പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-02-283-90—ഭൂരഹിത ഗിരിവർഗ്ഗക്കാരുടെ പുനരധിവാസം

ബഡ്ജറ്റ് വിഹിതം : 1,500 ലക്ഷം രൂപ

18. ഓരോ ഭൂരഹിത ഭവനരഹിത പട്ടികവർഗ്ഗ കുടുംബത്തിനും ഒരേക്കർ വീതം ഭൂമിയും വീടും മറ്റ് പശ്ചാത്തല സൗകര്യങ്ങളും നൽകുന്നതിനും, വനാവകാശ നിയമ

പ്രകാരം ഭൂമി ലഭിച്ച ആദിവാസി കുടുംബങ്ങൾക്ക് വീടും മറ്റ് തൊഴിൽ സൗകര്യങ്ങളും ലഭ്യമാക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5,000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

പൊതുശുപാർശ

19. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾ പഠിക്കുന്ന സ്ക്കൂളുകളിൽ കുട്ടികൾക്ക് ഉച്ചഭക്ഷണത്തിനു പുറമേ പ്രഭാത ഭക്ഷണം കൂടി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഇതൊരു പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

2225-03-800-99-31—പിന്നോക്ക വിഭാഗക്കാർക്കുള്ള കേരള സംസ്ഥാന കമ്മീഷൻ (സഹായധനം)

ബഡ്ജറ്റ് വിഹിതം : 94.80 ലക്ഷം രൂപ

20. 1993-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ ആക്ട് (1993 -ലെ ആക്ട് 11) പ്രകാരം രൂപീകരിക്കപ്പെട്ട സ്റ്റാറ്റ്യൂട്ടറി കമ്മീഷനായ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷനിൽ നിലവിലുണ്ടായിരുന്ന 1 മെമ്പറുടെ സ്ഥാനത്ത് ഇപ്പോൾ 2 മെമ്പർമാർ ഉള്ളതിനാലും ശമ്പള പരിഷ്ക്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ ശമ്പളത്തിലുണ്ടായ വർദ്ധനവും കമ്മീഷൻ സിറ്റിംഗുകൾക്ക് അധിക തുക ആവശ്യമായി വരുന്ന സാഹചര്യവും കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4225-03-190-99—ഹരിജനങ്ങളിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചവർക്കായുള്ള സംസ്ഥാന വികസന കോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : 350 ലക്ഷം രൂപ

21. ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതിക്കാരുടെയും മറ്റു ശുപാർശിത വിഭാഗക്കാരുടെയും സാമ്പത്തിക പുരോഗതിക്കുതകുന്ന വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള കോർപ്പറേഷന്റെ പ്രവർത്തനങ്ങളിൽ കൃഷിഭൂമി വാങ്ങി നൽകൽ, സ്വയംതൊഴിൽ പരിപാടികൾ, വിദേശ തൊഴിൽ നേടുന്നതിന് ധനസഹായം, ഭവന നിർമ്മാണം, വിദ്യാർത്ഥികൾക്ക് ധന സഹായം, വിദേശഭാഷാ പഠനം, പാരാമെഡിക്കൽ വിദ്യാഭ്യാസം, വിവാഹാവശ്യങ്ങൾ എന്നിവയ്ക്കുള്ള ലോണുകൾ നൽകുക തുടങ്ങിയവ ഉൾപ്പെടുന്നു. കോർപ്പറേഷന്റെ നിലവിലുള്ള പ്രവർത്തനങ്ങൾ തുടരുന്നതിനും സർക്കാർ അനുമതിക്ക് വിധേയമായി പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 358 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2225-80-195-99-31—പട്ടികജാതി-പട്ടികവർഗ്ഗ വികസന സഹകരണ സ്ഥാപനങ്ങളുടെ സംസ്ഥാന ഫെഡറേഷൻ (100% കേന്ദ്രാവിഷ്കൃതം)

ബഡ്ജറ്റ് വിഹിതം : 1,000 രൂപ

22. 22-7-1981-ൽ രജിസ്റ്റർ ചെയ്ത് 5-10-1981-ൽ പ്രവർത്തനം ആരംഭിച്ച കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനിൽ 98 പട്ടികവർഗ്ഗ സഹകരണ സംഘങ്ങളും 538 പട്ടികജാതി സഹകരണ സംഘങ്ങളും സംസ്ഥാന സർക്കാരും ഉൾപ്പെടെ 637 അംഗങ്ങളാണുള്ളത്. വർക്കിംഗ് ക്യാപിറ്റലിന്റെ അഭാവംമൂലം ഫെഡറേഷന്റെ ആയുർവേദ മരുന്ന് നിർമ്മാണ യൂണിറ്റായ ആയുർധാര ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന് സമിതി മനസ്സിലാക്കുന്നു. കൂടാതെ ഫെഡറേഷൻ ഡീലർഷിപ്പ് അടിസ്ഥാനത്തിൽ നടത്തുന്ന ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ പെട്രോൾ പമ്പ് ഫണ്ടിന്റെ അഭാവംമൂലം ഇന്ധനം ഇറക്കാൻ കഴിയാത്തതിനാൽ പല ദിവസങ്ങളിലും അടച്ചിടേണ്ടി വരുന്നതായും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ആയതിനാൽ പെടോൾ പമ്പിന്റെ സുഗമമായ നടത്തിപ്പിനായി 25 ലക്ഷം രൂപ പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ടിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

23. ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്ന ഫെഡറേഷന് 2003 മുതൽ റിട്ടയർ ചെയ്ത ജീവനക്കാരുടെ പെൻഷൻ തുക ഇതേവരെ ഒടുക്കാൻ കഴിയാത്തതിനാൽ റിട്ടയർ ചെയ്ത ജീവനക്കാർ ആഫീസിൽ ചെന്ന് ആത്മഹത്യാ ഭീഷണി മുഴക്കുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആയതിനാൽ ഫെഡറേഷന്റെ നിലവിലുള്ള സാമ്പത്തിക ബാദ്ധ്യത പരിഹരിക്കുന്നതിനായി നോൺ പ്ലാൻ ഇനത്തിൽ 1 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

24. ഫെഡറേഷന്റെ തിരുവനന്തപുരം, കോതമംഗലം, തൃശ്ശൂർ, കൽപ്പറ്റ എന്നിവിടങ്ങളിലെ ഓഫീസുകളുടെ ആധുനികവൽക്കരണത്തിനായി നോൺ പ്ലാൻ ഇനത്തിൽ 90 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

25. ഫെഡറേഷന്റെ പ്രവർത്തനങ്ങൾ തുടർന്നും മുന്നോട്ട് കൊണ്ടുപോകുന്നതിനായി പട്ടികവർഗ്ഗവികസനം, പട്ടികജാതി വികസനം, സഹകരണം എന്നീ വകുപ്പുകളുടെ ബഡ്ജറ്റിലെ നോൺപ്ലാൻ ശീർഷകത്തിൽ ഫെഡറേഷന്റെ തനതു ചെലവുകൾക്കായി 20 ലക്ഷം രൂപാവീതം പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ടിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLVI സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

വോട്ടു ചെയ്തത് : 1256,00,79,000 രൂപ
+ 1,000

1256,00,80,000 രൂപ

ചാർജ്ജ് ചെയ്തത് : 1,000 രൂപ

പ്ലാൻ

2235-02-001-96—ഭരണ സംവിധാനം ശക്തിപ്പെടുത്തൽ

ബഡ്ജറ്റ് വിഹിതം : 100 ലക്ഷം രൂപ

26. സാമൂഹ്യക്ഷേമ ഡയറക്ടറേറ്റും അനക്സും രണ്ട് സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി പൂജപ്പുര അനക്സിലെ രണ്ടാം നില ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾക്കായി സൗകര്യപ്രദമായ രീതിയിൽ ക്രമീകരിക്കുന്നതിനും ഭരണ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഡയറക്ടറേറ്റിലും സബ് ഓഫീസുകളിലും കമ്പ്യൂട്ടറൈസേഷൻ പൂർണ്ണമായും നടപ്പാക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-101- 81—വികലാംഗ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള തിരിച്ചറിയൽ കാർഡ് നൽകുന്ന പദ്ധതി

ബഡ്ജറ്റ് വിഹിതം : 100 ലക്ഷം രൂപ

27. 'പേഴ്സൺസ് വിത്ത് ഡിസ്എബിലിറ്റീസ് ആക്ട്' പ്രകാരം എല്ലാ വികലാംഗർക്കും തിരിച്ചറിയൽ കാർഡ് നൽകേണ്ടത് നിയമപരമായ ബാദ്ധ്യതയാണ്. സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, കുടുംബ ശ്രീ, അങ്കണവാടി, ഐ.സി.ഡി.എസ്. എന്നിവയുടെ സഹകരണത്തോടെ ക്യാമ്പുകൾ നടത്തി അംഗവൈകല്യ സർട്ടിഫിക്കറ്റ് നൽകാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിക്കായി 132 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-102-98 – ശിശുക്കളുടെ അഭിവൃദ്ധിക്കുവേണ്ടിയുള്ള ഏകീകൃത സേവനം (90% കേന്ദ്ര സഹായം)

ബഡ്ജറ്റ് വിഹിതം : 161 കോടി 40 ലക്ഷം രൂപ

28. ആറ് വയസ്സിന് താഴെയുള്ള കുട്ടികളുടെ ആവശ്യങ്ങൾ നടത്തിക്കൊടുക്കുന്നതിനായി ദേശീയ തലത്തിൽ നടപ്പാക്കുന്ന ഒരു ഫ്ളാഗ്ഷിപ്പ് പരിപാടിയാണ് സംയോജിത ശിശുവികസന സേവനങ്ങൾ. ഈ പദ്ധതിയിൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു.

1. പൂരക പോഷകാഹാരം.
2. പ്രതിരോധ കുത്തിവയ്പ്പ്.
3. ആരോഗ്യ പരിശോധന.
4. റഫറൽ സർവ്വീസുകൾ.
5. ആരോഗ്യ-പോഷകാഹാര വിദ്യാഭ്യാസം.
6. പ്രീ- സ്കൂൾ വിദ്യാഭ്യാസം.

29. പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭരണപരമായ ചെലവുകൾ, ഔഷധ കിറ്റിന്റെ ചെലവ്, അംഗൻവാടി വർക്കർ/ഹെൽപ്പർ എന്നിവരുടെ ഓണറേറിയത്തിൽ കേന്ദ്ര സർക്കാർ വർദ്ധനവ് വരുത്തിയ സാഹചര്യത്തിലും ഐ.സി.ഡി.എസ്സുകളുടെ എണ്ണം 163-ൽ നിന്നും 258 ആയി വർദ്ധിപ്പിച്ചതുമൂലമുണ്ടായ അധിക ബാധ്യത പരിഹരിക്കുന്നതിലേക്കുമായി 200 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-102-56—അംഗൻവാടി കേന്ദ്രങ്ങളെ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള സാമൂഹ്യവിഭവ കേന്ദ്രങ്ങളായി വികസിപ്പിക്കൽ-ഒരു ജീവിതചക്ര സമീപനം

ബഡ്ജറ്റ് വിഹിതം : 100 ലക്ഷം രൂപ

30. സമൂഹത്തിന്റെ സ്വഭാവ മാറ്റങ്ങൾക്കനുസൃതമായി സ്ത്രീകളുടേയും കുട്ടികളുടേയും സമഗ്ര വികസനം, വികസന പങ്കാളിയായി സ്ത്രീ അംഗീകരിക്കപ്പെടുക തുടങ്ങിയവയാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. ബന്ധപ്പെട്ട വകുപ്പുകളുടെ സേവനം, വിഭവങ്ങൾ, പശ്ചാത്തല സൗകര്യം, മനുഷ്യ വിഭവശേഷി എന്നിവയെ സമന്വയിപ്പിച്ച് അംഗനവാടി കേന്ദ്രങ്ങളെ സാമൂഹിക വിഭവ കേന്ദ്രങ്ങളായി വികസിപ്പിക്കേണ്ടതിന് ഗിരിവർഗ്ഗ-തീരദേശ മേഖലകൾക്ക് മുൻഗണന നൽകിക്കൊണ്ട് അംഗനവാടി കെട്ടിടനിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിനായി 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-103-92-വനിതാ വികസന പദ്ധതി

ബഡ്ജറ്റ് വിഹിതം : 200 ലക്ഷം രൂപ

31. സ്ത്രീധന നിരോധന നിയമം, ഗാർഹിക പീഢന നിരോധന നിയമം നടപ്പാക്കുന്നതിനും, നിലവിലുള്ള ഷോർട്ട് സ്റ്റേ ഹോമുകളിൽ തൊഴിലധിഷ്ഠിത പരിശീലനം, വൺഡേ ഹോമുകളെ ശക്തിപ്പെടുത്തൽ, വനിത ഗൃഹനാഥയായിട്ടുള്ള എല്ലാ കുടുംബങ്ങൾക്കും ധനസഹായം നൽകുന്നതിനും വിധവാ വിവാഹം (മംഗല്ല്യ പദ്ധതി) തുടങ്ങിയവ നടപ്പാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-104-88-തദ്ദേശഭരണ സ്ഥാപനങ്ങൾക്കും സർക്കാരേതര സംഘടനകൾക്കും വൃദ്ധ സദനങ്ങളും, ഡേകെയർ സെന്ററുകളും ആരംഭിക്കുന്നതിനുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 30 ലക്ഷം രൂപ

32. കേരള സംസ്ഥാനത്തിന്റെ വയോജന നയം അനുസരിച്ച് വൃദ്ധസദനങ്ങളും/ ഡേകെയർ സെന്ററുകളും ആരംഭിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സഹായം നൽകാനുദ്ദേശിക്കുന്നതിനാൽ ഈ പദ്ധതിക്കായി 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-106-93—ആഫ്റ്റർ കെയർ പ്രോഗ്രാമിനുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 100 ലക്ഷം രൂപ

33. ജയിൽ വിമുക്തരായ കുറ്റവാളികളേയും (പ്രത്യേകിച്ച് സ്ത്രീകൾ) പീഡിതരെയും പുനരധിവസിപ്പിക്കുന്നതിനും ദരിദ്രരായ കുറ്റവാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനും, ഗാർഹികവും അല്ലാതെയുമുള്ള പീഢനം അനുഭവിച്ച് പ്രൊട്ടക്ഷൻ ഓഫീസർമാരെയും മറ്റ് സംഘടനകളേയും സമീപിക്കുന്നവർക്ക് അടിയന്തിര സാമ്പത്തിക സഹായവും വൈദ്യസഹായവും നൽകുന്നതിലേക്ക് ധനസഹായം നൽകാൻ ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-60-200-83-അസംഘടിത വിഭാഗത്തിനുവേണ്ടി പുതിയ സാമൂഹ്യ സുരക്ഷിതത്വ സംരംഭങ്ങൾ

ബഡ്ജറ്റ് വിഹിതം : 150 ലക്ഷം രൂപ

34. പേഴ്സൺസ് വിത്ത് ഡിസ്എബിലിറ്റീസ് ആക്ട് 1995 (തുല്യ അവസരങ്ങൾ, അവകാശങ്ങളുടെ സംരക്ഷണം, പൂർണ്ണ പങ്കാളിത്തം), മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പേരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്ട്, 2007 എന്നിവ നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസി സാമൂഹ്യക്ഷേമ വകുപ്പാണ്. അഗതികളേയും ഉപേക്ഷിക്കപ്പെട്ടവരേയും പ്രത്യേകിച്ച് സ്ത്രീകളേയും കുട്ടികളേയും പരിചരിക്കുന്നതിനും സംരക്ഷിക്കുന്നതിനും പ്രതിജ്ഞാബദ്ധമായ വകുപ്പിന്റെ ഏറ്റവും പുതിയ പദ്ധതിയായ 'വയോമിത്രം' പരിപാടി 14 ജില്ലകളിലും നടപ്പിലാക്കുന്നതിലേക്കായി 300 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-102-67—ക്യാൻസർ ബാധിതരായ കുട്ടികൾക്ക് വേണ്ടിയുള്ള സുരക്ഷാ പദ്ധതി

ബഡ്ജറ്റ് വിഹിതം : 282 ലക്ഷം രൂപ

35. ക്യാൻസർ രോഗം ബാധിച്ച കുട്ടികൾക്ക് നൽകുന്നതിനായി ക്യാൻസർ സുരക്ഷാ ഫണ്ട് ശക്തിപ്പെടുത്തുവാൻ വകുപ്പ് ലക്ഷ്യമിടുന്നു. ബി.പി.എൽ കുടുംബങ്ങൾക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആർ.സി.സി. സർക്കാർ മെഡിക്കൽ കോളേജുകൾ എന്നിവ മുഖേന ചികിത്സ നടത്തുവാൻ 50,000 രൂപ വരെ സാമ്പത്തിക സഹായം നൽകിവരുന്നു. ഓരോ വർഷവും ഈ പദ്ധതിയിലേക്ക് രജിസ്റ്റർ ചെയ്യുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി 118 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-104-86—എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസം

ബഡ്ജറ്റ് വിഹിതം : 1,285 ലക്ഷം രൂപ

36. കാസർഗോഡ് ജില്ലയിലെ 11 പഞ്ചായത്തുകളിൽ എൻഡോസൾഫാൻ മൂലം ദുരിതമനുഭവിക്കുന്ന ശയ്യാവലംബരായ വളരെയധികം പേരുണ്ട്. ഇവരുടെ മുഴുവൻ ചികിത്സാചെലവും സർക്കാരാണ് വഹിക്കുന്നത്. ഇതിനുപുറമേ എൻഡോസൾഫാൻ ദുരിതബാധിതർക്കായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഒരു സംയോജിത പാക്കേജിനായി 200 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

നോൺ പ്ലാൻ

2235-02-104-96—സാധുഭവനങ്ങൾ, യാചകകേന്ദ്രങ്ങൾ, അബലാമന്ദിരം മുതലായവ

ബഡ്ജറ്റ് വിഹിതം : 1,18,53,000 രൂപ

37. അഗതികളോ കുടുംബജീവിതം ശിഥിലമായിട്ടുള്ളവരോ അവിവാഹിതരായ അമ്മമാരോ ആയ സ്ത്രീകളെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള മഹിളാ മന്ദിരങ്ങൾ, മാതാപിതാക്കളുടെ സംരക്ഷണം ലഭിക്കാത്ത നിരാശ്രയരായ 4 മുതൽ 16 വയസ്സുവരെ പ്രായമുള്ള കുട്ടികളെ താമസിപ്പിക്കുന്ന ബാലഭവനുകൾ, മാനസികരോഗ വിമുക്തി നേടിയവരും ബന്ധുക്കളാരും സംരക്ഷിക്കാനില്ലാത്തവർക്കായി പ്രവർത്തിച്ചുവരുന്ന ആശാഭവനുകൾ എന്നിവയുടെ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-106-97—പ്രൊബേഷൻ സർവ്വീസ്

ബഡ്ജറ്റ് വിഹിതം : 2,23,10,000 രൂപ

38. കുറ്റകൃത്യം ചെയ്ത ആളുകളെ ശിക്ഷിക്കുന്നതിനു പകരം ഒരു നിശ്ചിത കാലം ചില വ്യവസ്ഥകൾക്ക് വിധേയമായി പ്രൊബേഷൻ ഓഫീസർമാരുടെ മേൽനോട്ടത്തിൽ മാനസിക പരിശീലനം നടത്തുന്നതിന് ആവശ്യമായ സേവനങ്ങൾ പ്രൊബേഷൻ ഓഫീസുകൾ മുഖേന നൽകിവരുന്നു. സംസ്ഥാനത്ത് ഈ ആവശ്യത്തിന് നിയോഗിച്ചിട്ടുള്ള 32 ഓഫീസർമാരുടെയും ജില്ലാ പ്രൊബേഷൻ ഓഫീസർമാരുടെയും ഓഫീസിലെ മറ്റ് ജീവനക്കാരുടെയും ശമ്പളം, അലവൻസുകൾ, യാത്രാബത്ത, ഓഫീസ് ചെലവുകൾ, കെട്ടിടവാടക എന്നീ ഇനങ്ങളിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-106-94—സങ്കേതഭവനങ്ങളും പരിരക്ഷാലയങ്ങളും

ബഡ്ജറ്റ് വിഹിതം : 1,52,33,000 രൂപ

39. തവനൂരിൽ പ്രവർത്തിക്കുന്ന റസ്ക്യൂ ഹോമിലേയും എറണാകുളത്തെ ആശാഭവൻ (മെൻ), കൊല്ലം, കോഴിക്കോട്, തലശ്ശേരി എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന മൂന്ന് ആഫ്റ്റർ കെയർ ഹോമുകളിലേയും, തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന കെയർ ഹോമിലേയും വൃദ്ധകൾക്കുള്ള പകൽ പരിപാലന കേന്ദ്രത്തിലേയും ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, യാത്രാബത്ത, ഓഫീസ് ചെലവുകൾ, കെട്ടിടങ്ങളുടെ വാടക, കരം, നികുതി എന്നീ ആവശ്യങ്ങൾക്കും റെസ്ക്യൂ ഹോമിലേയും ആഫ്റ്റർ കെയർ ഹോമിലേയും അന്തേവാസികളുടെ സംരക്ഷണ ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങളിലേക്ക് മാറ്റപ്പെട്ട വിഷയങ്ങൾ

2235-02-101-98—വികലാംഗരായ കുട്ടികൾക്കുള്ള ക്ഷേമ കേന്ദ്രം

ബഡ്ജറ്റ് വിഹിതം : 1,86,31,000 രൂപ

40. പഞ്ചായത്ത് രാജ്/നഗരപാലിക നിയമപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ മാറ്റപ്പെട്ട 7 വിവിധ വികലാംഗക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളുടെ സംരക്ഷണ ചെലവിനും ഓഫീസ് ചെലവിനും കെട്ടിടവാടകയ്ക്കുമായാണ് ഈ ശീർഷകത്തിൽ തുക വകയിരുത്തിയിരിക്കുന്നത്. അന്തേവാസികളുടെ മെയിന്റനൻസ് തുക 750 രൂപയിൽ നിന്നും 1,500 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-101-94—വികലാംഗർക്കുള്ള സ്ക്കോളർഷിപ്പുകൾ

ബഡ്ജറ്റ് വിഹിതം : 21,16,000 രൂപ

41. ഒന്നാം സ്റ്റാൻഡേർഡ് മുതൽ പഠിക്കുന്ന വികലാംഗരായ പാവപ്പെട്ട കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനു വേണ്ടിയുള്ള പദ്ധതിയാണിത്. വികലാംഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് തുക കാലോചിതമായി പരിഷ്ക്കരിക്കേണ്ടതിനാലും സാമൂഹ്യക്ഷേമ വകുപ്പ് തടവുകാരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി ഹൈസ്കൂൾതലം വരെയുള്ളവർക്ക് 500 രൂപയും കോളേജുതലം വരെയുള്ളവർക്ക് 1,000 രൂപയും നൽകിവരുന്നതിനാലും ബി.പി.എൽ. വിഭാഗത്തിൽ വരുന്ന വനിതാ ഗൃഹനാഥകളുടെ മക്കൾക്ക് സ്കൂൾ തലത്തിൽ 250 രൂപയും അതിനുമുകളിൽ 500 രൂപയും സ്ക്കോളർഷിപ്പ് നൽകുന്നതിനാലും ഈ ഇനത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-104-98—അനാഥശാലകൾ-സഹായധനം

ബഡ്ജറ്റ് വിഹിതം : 5,86,74,000 രൂപ

42. സർക്കാർ അംഗീകരിച്ചിട്ടുള്ള സന്നദ്ധ സംഘടനകൾ നടത്തുന്ന അനാഥശാലകളിലേയും ഫൗണ്ട്ലിംഗ് ഹോമുകളിലേയും അന്തേവാസികൾക്ക് മെയിന്റനൻസ് ഗ്രാന്റ് നൽകുന്നതിലേക്കായി 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-104-97—യാചക കേന്ദ്രങ്ങൾ

ബഡ്ജറ്റ് വിഹിതം : 2,66,200 രൂപ

43. സന്നദ്ധ സംഘടനകൾ നടത്തുന്ന യാചക സംരക്ഷണ ഭവനങ്ങൾക്ക് ഗ്രാന്റ് നൽകുന്ന ഈ പദ്ധതി പ്രകാരം പ്രതിമാസം 150 രൂപ നിരക്കിൽ 365 അന്തേവാസികൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിനായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-104-96—സാധുഭവനങ്ങൾ, യാചകകേന്ദ്രങ്ങൾ, അബലാമന്ദിരം മുതലായവ

ബഡ്ജറ്റ് വിഹിതം : 18,60,000 രൂപ

44. പഞ്ചായത്ത് രാജ് /നഗരപാലിക നിയമ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ മാറ്റപ്പെട്ട 12 മഹിളാമന്ദിരങ്ങളുടെ ആഫീസ് സംബന്ധമായി ചെലവുകൾ, കെട്ടിട വാടക, അന്തേവാസികളുടെ സംരക്ഷണ ചെലവ് എന്നിവ ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. അന്തേവാസികളുടെ മെയിന്റനൻസ് ചാർജ് 750 രൂപയിൽ നിന്നും 1,500 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-104-91—വൃദ്ധസദനങ്ങൾ

ബഡ്ജറ്റ് വിഹിതം : 21,10,000 രൂപ

45. പഞ്ചായത്ത് രാജ് /നഗരപാലിക നിയമപ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ മാറ്റപ്പെട്ട 9 വൃദ്ധ സദനങ്ങളിലെ അന്തേവാസികളുടെ സംരക്ഷണ ചെലവ്, ആഫീസ് ചെലവ്, കെട്ടിടവാടക എന്നിവയ്ക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-800-98—മിശ്രവിവാഹങ്ങൾ

ബഡ്ജറ്റ് വിഹിതം : 5,39,000 രൂപ

46. പട്ടികജാതി, പട്ടിക വർഗ്ഗത്തിൽപ്പെടാത്ത മിശ്ര വിവാഹിതരായ ദമ്പതികൾക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. 9-9-2010 മുതൽ മിശ്രവിവാഹ ധനസഹായം 5,000 രൂപയിൽ നിന്നും 30,000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-60-200-79—1995-ലെ അവശ വിഭാഗ ആക്റ്റിൻ (തുല്ല്യ അവസരാവകാശ സംരക്ഷണവും പൂർണ്ണപങ്കാളിത്തവും) കീഴിലുള്ള അവശവ്യക്തികളുടെ സംസ്ഥാനതല കമ്മീഷൻ.

21(2) സംരക്ഷണവും അറ്റകുറ്റപ്പണികളും

ബഡ്ജറ്റ് വിഹിതം : 18,000 രൂപ

47. വികലാംഗർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റിന് 1999 മോഡൽ അമ്പാസിഡർ കാറാണുള്ളത്. പ്രസ്തുത കാറിന്റെ അറ്റകുറ്റപ്പണികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

48. വികലാംഗർക്കായുള്ള സംസ്ഥാന കമ്മീഷണറുടേയും ആഫീസിന്റെയും ഉപയോഗത്തിനായി നിലവിൽ 1999 മോഡൽ അംബാസിഡർ കാറാണുള്ളത്. വികലാംഗ സംരക്ഷണ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ അദാലത്തുകൾ സംഘടിപ്പിക്കുക എന്നീ പ്രവർത്തനങ്ങൾക്കായി മെഡിക്കൽ ടീം, ഉപകരണങ്ങൾ, സെമിനാറിൽ വിതരണം ചെയ്യുന്നതിനുള്ള പഠനോപകരണങ്ങൾ എന്നിവ കൊണ്ട് പോകുന്നതിനായി കമ്മീഷണറേറ്റിന് ഒരു പുതിയ വാഹനം വാങ്ങുന്നതിനായി 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-190-98—കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : 150 ലക്ഷം രൂപ

49. വികലാംഗരുടെ ക്ഷേമത്തിനുവേണ്ടി രൂപീകൃതമായതും പൂർണ്ണമായും സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതുമായ ഒരു പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ ഈ സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 15 പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-103-90 (02)—സ്ത്രീ ശാക്തീകരണത്തിനുള്ള സുപ്രധാന പരിപാടി-കേരള വനിതാ വികസന കോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : 25 ലക്ഷം രൂപ

50. വനിതകൾക്ക് വിവിധ തരത്തിലുള്ള ജെൻഡർ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുന്നതിനുദ്ദേശിച്ചു കൊണ്ടുള്ള ജെൻഡർ അവെയർനസ് പരിപാടിയിൽ സ്കൂൾ/കോളേജ് തലങ്ങൾ മുതൽ വിദ്യാർത്ഥിനികൾക്കായി ഈ വിഷയത്തെ കുറിച്ചുള്ള വീഡിയോ പ്രോഗ്രാമുകൾ, ഡോക്യുമെന്ററികൾ തുടങ്ങിയവ ചിത്രീകരിച്ച് കേരളത്തിലെ എല്ലാ വനിതാ കോളേജുകളിലും 28 റൂറൽ സ്കൂളുകളിലും പ്രദർശിപ്പിക്കുന്നതിനും, കേരളത്തിലെ സ്കൂൾ വിദ്യാർത്ഥിനികൾക്ക് ഹ്രസ്വകാല ആയോധന പരിശീലനം, വിമെൻ ഇൻഫർമേഷൻ സെന്റർ, ജെൻഡർ അവയർനെസ് സെമിനാർ, പെൺകുട്ടികൾക്ക് ജോലി ലഭിക്കുന്നതിനുള്ള ഓൺലൈൻ ജോബ് പോർട്ടൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക തീർത്തും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ലാന്റ് റവന്യൂ കമ്മീഷണറേറ്റ്

2235-02-101-92—അംഗവൈകല്ല്യമുള്ളവർക്കും മന്ദബുദ്ധികളായവർക്കുമായുള്ള പ്രത്യേക പെൻഷൻ പദ്ധതി

ബഡ്ജറ്റ് വിഹിതം : 78,60,66,120 രൂപ

51. അംഗവൈകല്യമുള്ളവർക്കും മന്ദബുദ്ധികളായവർക്കുമുള്ള പ്രത്യേക പെൻഷൻ പദ്ധതിയിൻകീഴിൽ നിലവിലുള്ള ഗുണഭോക്താക്കളുടെ 10% വർദ്ധനവ് ഈ വർഷം പ്രതീക്ഷിക്കുന്നതിനാൽ പെൻഷൻ നൽകുന്നതിലേക്കായി ഈ വർഷം ഈ ഇനത്തിൽ 8,67,26,880 രൂപ കൂടി അധികമായി ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അത്രയും തുക ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235–02–103-96—വിധവകളുടെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 7,33,52,000 രൂപ

52. പാവപ്പെട്ട വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം നൽകുന്നതിന് നടപ്പ് സാമ്പത്തിക വർഷം ഏകദേശം 6944 അപേക്ഷകൾ പ്രതീക്ഷിക്കുന്നു. ഈ ആവശ്യത്തിലേക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30,18,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235– 60– 102-99—അഗതികൾക്കുള്ള പെൻഷൻ

ബഡ്ജറ്റ് വിഹിതം : 1,83,26,53,620 രൂപ

53. ഈ പെൻഷൻ പദ്ധതിയിൻകീഴിൽ നിലവിൽ 512672 ഗുണഭോക്താക്കളുണ്ട്. ഈ വർഷം 10% വർദ്ധനവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. കുടിശ്ശിക കൂടാതെ പെൻഷൻ വിതരണം നടത്തുന്നതിന് 29,90,33,388 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-60-102-97—ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി

ബഡ്ജറ്റ് വിഹിതം : 70,03,96,000 രൂപ

54. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതിയിൽ നിലവിൽ 191946 ഗുണഭോക്താക്കളാണുള്ളത്. 10% വർദ്ധനവ് പ്രതീക്ഷിക്കുന്നതിനാൽ 211140 ഗുണഭോക്താക്കൾക്ക് ഒരു വർഷം നൽകേണ്ടുന്ന പെൻഷൻ ഇനത്തിൽ 9,77,15,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235- 60-102-96 : സാമൂഹ്യ സുരക്ഷിതത്വ പദ്ധതിയനുസരിച്ച് 50 വയസ്സിനുമേൽ പ്രായമുള്ളവർക്കുള്ള പെൻഷൻ പദ്ധതി

ബഡ്ജറ്റ് വിഹിതം : 18,78,69,780 രൂപ

55. ഈ പെൻഷൻ പദ്ധതിയിൽ നിലവിൽ 45284 ഗുണഭോക്താക്കളുണ്ട്. 10% വർദ്ധനവ് പ്രതീക്ഷിക്കുന്നതിനാൽ 49812 ഗുണഭോക്താക്കൾക്ക് കുശ്ശിക കൂടാതെ പെൻഷൻ വിതരണം ചെയ്യുന്നതിനായി 15,20,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-60-107-97—സ്വാതന്ത്ര്യ സമര സേനാനികളുടെ മരണാനന്തര ചടങ്ങുകൾക്കായുള്ള സാമ്പത്തിക സഹായം

ബഡ്ജറ്റ് വിഹിതം : 5 ലക്ഷം രൂപ.

56. ഈ പദ്ധതിക്കായി 1 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235–02–103–90 (03)—സ്ത്രീ ശാക്തീകരണത്തിനുള്ള സുപ്രധാന പരിപാടി കേരള വനിതാ കമ്മീഷൻ

ബഡ്ജറ്റ് വിഹിതം : 73.50 ലക്ഷം രൂപ.

57. 'സ്ത്രീധന വിമുക്ത കേരളം-ആർഭാടരഹിത വിവാഹം' എന്ന സന്ദേശം പ്രചരിപ്പിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവാഹ ധൂർത്തിനെതിരെ സംസ്ഥാന വ്യാപകമായി പ്രചരണ പരിപാടികൾ തുടർന്ന് നടത്തുന്നതിനുവേണ്ടി ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2235-02-103-95—സ്റ്റാറ്റ്യൂട്ടറി വിമൻസ് കമ്മീഷൻ

ബഡ്ജറ്റ് വിഹിതം : 2,43,28,000 രൂപ (നോൺ പ്ലാൻ)

-01-4-മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

ബഡ്ജറ്റ് വിഹിതം : 50,000 രൂപ

-05-1-വെള്ളക്കരം

ബഡ്ജറ്റ് വിഹിതം : 6,000 രൂപ

-05- 4-മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം : 7,73,000 രൂപ

-06-വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 10,00,000 രൂപ

-21-1- വാഹനങ്ങൾ വാങ്ങൽ

ബഡ്ജറ്റ് വിഹിതം : ഇല്ല

-21-2-സംരക്ഷണവും അറ്റകുറ്റപ്പണികളും

ബഡ്ജറ്റ് വിഹിതം : 2,86,000 രൂപ

-45-പി. ഒ. എൽ.

ബഡ്ജറ്റ് വിഹിതം : 4,23,000 രൂപ

58. നോൺ പ്ലാൻ ഇനത്തിൽ വിവിധ ആവശ്യങ്ങൾക്കായി വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമാണ്. മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം 60, 000 രൂപ അഡീഷണൽ ആതറൈസേഷൻ വഴി വാങ്ങേണ്ടി വന്നിട്ടുണ്ട്. കമ്മീഷൻ പ്രവർത്തിക്കുന്ന പുതിയ വാടക കെട്ടിടത്തിന് പ്രതിമാസം 1 ലക്ഷം രൂപയാണ് സർക്കാർ വാടക നിശ്ചയിച്ചിരിക്കുന്നത്. ഡെപ്യൂട്ടി സ്പീക്കറുടെ പദവിയിലുള്ള കമ്മീഷൻ മെമ്പർമാർക്കായി വാഹനം വാങ്ങുന്നതിനായി പ്രപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും ഇതിലേക്കായി തുക വകയിരുത്തിയിട്ടില്ല. വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, പി. ഒ. എൽ. മറ്റിനങ്ങൾ എന്നീ ശീർഷകങ്ങളിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ വിവിധ ശീർഷകങ്ങളിൽ താഴെ പറയുന്ന തുകകൾ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് — 1,50,000 രൂപ

വെള്ളക്കരം — 10,000 രൂപ

മറ്റിനങ്ങൾ — 1,50,000 രൂപ

വാടക, കരം, നികുതി — 2,00,000 രൂപ

വാഹനം വാങ്ങൽ — 20,00,000 രൂപ

സംരക്ഷണവും അറ്റകുറ്റപ്പണികളും — 2,00,000 രൂപ

പി. ഒ. എൽ. — 1,50,000 രൂപ

59. 2235-02-101-79—തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീട്ടിനുള്ളിൽ തന്നെ കഴിയേണ്ടി വരുന്നവർക്കുള്ള ധനസഹായം-ശയ്യാവലംബരായുള്ള നിത്യരോഗികളെ പരിചരിക്കുന്ന ആൾ/കുടുംബാംഗത്തിന് നല്കുന്ന പ്രതിമാസ പെൻഷൻ 300 രൂപയിൽ നിന്നും 500 രൂപയായി ഉയർത്താൻ സമിതി ശുപാർശ ചെയ്യുന്നു.

2235-02-101-85—ബധിരർക്കും മൂകർക്കും വേണ്ടിയുള്ള ഇൻസ്റ്റിറ്റ്യൂട്ട് (നിഷ്)

ബഡ്ജറ്റ് വിഹിതം : 400 ലക്ഷം രൂപ.

60. ബധിരരും മൂകരുമായവർക്ക് പുനരധിവാസം നൽകുക എന്ന ലക്ഷ്യത്തോടെ 1997-ൽ ആരംഭിച്ച നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്) പോയ വർഷങ്ങളിലെ പ്രവർത്തനം കൊണ്ട് ദേശീയതലത്തിൽ അറിയപ്പെടുന്ന ഒരു സ്ഥാപനമായി വളർന്നുകഴിഞ്ഞു. കേൾവിശക്തി വിലയിരുത്തൽ, സംസാരശേഷി പുനഃസ്ഥാപിക്കുക, പ്രീസ്കൂൾ കുട്ടികൾക്കും രക്ഷകർത്താക്കൾക്കും ഗൈഡൻസ് പരിപാടി, ഇ. എൻ. റ്റി സേവനങ്ങൾ, സ്പീച്ച് തൊറാപ്പി, തൊഴിലധിഷ്ഠിത പരിശീലനം തുടങ്ങി വിവിധ പരിപാടികൾ നടത്തിവരുന്ന നിഷിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കായി 115 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ട്രഷറി വകുപ്പ്

2235-60-107-99—സ്വാതന്ത്ര്യ സമര യോദ്ധാക്കൾക്കുള്ള പെൻഷൻ ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 58, 02, 66, 000 രൂപ

61. ട്രഷറി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഈ ശീർഷകത്തിൽ നിന്നും സ്വാതന്ത്ര്യ സമര യോദ്ധാക്കൾക്കുള്ള പെൻഷൻ നൽകി വരുന്നു. സംസ്ഥാന സർക്കാർ നൽകിവരുന്ന സ്വാതന്ത്ര്യ സമര യോദ്ധാക്കൾക്കുള്ള പെൻഷൻ പദ്ധതിയിൻ കീഴിൽ നിലവിൽ 7340 ഗുണഭോക്താക്കളാണുള്ളത്. ഈ സാമ്പത്തിക വർഷം പെൻഷൻ വിതരണത്തിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 110.76 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2011 സെപ്റ്റംബർ, 26.

**ഡോ. എം. കെ. മുനീർ,**
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി XIII.*